**Website: www.kwa.kerala.gov.in**
**Mobile/ Whatsapp: +919495998258**

**Tel. 0471-2738300**
Consumer Helpline Number
**1916 [24X7] [Toll Free]**
1916cckwa@gmail.com

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ.KWA-JB/7475/2024-E1 തീയതി: 13-02-2025

**സർക്കുലർ**

വിഷയം : ഉദ്യോഗസ്ഥ - ഭരണപരിഷ്ക്കാര (ഔദ്യോഗികഭാഷ) സംബന്ധിച്ച നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നത് സംബന്ധിച്ച്

സൂചന : ജോയിന്റ് സെക്രട്ടറി (ഉദ്യോഗസ്ഥ-ഭരണപരിഷ്ക്കാര(ഔദ്യോഗികഭാഷ) വകുപ്പിന്റെ 11.12.2024 ലെ ഓഎൽ- 3/208/2024പി&എആർഡി നമ്പർ സർക്കുലർ

കേരള സംസ്ഥാനത്തിന്റെ ഭരണഭാഷ പൂർണമായും മലയാള ഭാഷ ആക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി വിവിധ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശിത സർക്കുലർ അനുസരിച്ച് നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷ ഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളൊഴികെ എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും സർക്കുലറുകളും കത്തിടപാടുകളും ഫയൽ നടപടികളും റിപ്പോർട്ടുകളും മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി മലയാളത്തിലാണ് എന്ന് ഓഫീസ് മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ് എന്നും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ, പല സർക്കാർ സ്ഥാപനങ്ങളും ജനങ്ങളറിയേണ്ട പ്രധാന ഉത്തരവുകളും നിർദ്ദേശങ്ങളും മലയാളത്തിലല്ല പുറപ്പെടുവിക്കുന്നത് എന്നത് സർക്കാർ ഗൗരവമായി കാണുന്നു.

ഈ സാഹചര്യത്തിൽ കേരള വാട്ടർ അതോറിറ്റിയിലെ എല്ലാ നിയന്ത്രണ അധികാരികളും ഭരണ ഭാഷ സംബന്ധിച്ച പരാമർശിത ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കണമെന്ന് ഇതിനാൽ കർശനമായി നിർദ്ദേശിക്കുന്നു.

ഉള്ളടക്കം : ജോയിന്റ് സെക്രട്ടറി (ഉദ്യോഗസ്ഥ-ഭരണപരിഷ്ക്കാര(ഔദ്യോഗികഭാഷ) വകുപ്പിന്റെ 11.12.2024 ലെ ഓഎൽ- 3/208/2024പി&എആർഡി നമ്പർ സർക്കുലർ

Jeevan Babu K. IAS
മാനേജിങ് ഡയറക്ടർ

Signed by
Jeevan Babu K
Date: 13-02-2025 13:15:58

പകർപ്പ് : 1 എല്ലാ നിയന്ത്രണ അധികാരികൾക്കും

2 സെക്രട്ടറി, കേരള വാട്ടർ അതോറിറ്റി

3 ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി

By post

| Date | 20/12/24 |
|---|---|
| M.D. | |
| CE(HRD&GI) | |

"ഭരണഭാഷ-മാതൃഭാഷ"

കേരളസർക്കാർ

നം. ഒ എൽ-3/208/2024-പി&എആർഡി

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പ്

തിരുവനന്തപുരം,

തീയതി: 11-12-2024

PA to MD/ CE(HRD&GI)

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പ് - ഭരണഭാഷ സംബന്ധിച്ച നിർദേശങ്ങൾ കർശനമായി പാലിക്കുന്നതു സംബന്ധിച്ച്.

സൂചന:- 1. ജി.ഒ(പി)നം. 2/2015/പി&എ ആർ ഡി തീയതി, 13.01.2015.

2. ജി.ഒ(പി)നം. 3/2015/പി&എ ആർ ഡി തീയതി, 13.01.2015.

3. ജി.ഒ(പി)നം. 6/2017/പി&എ ആർ ഡി തീയതി, 26.04.2017.

കേരളസംസ്ഥാനത്തിന്റെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുകയെന്ന സർക്കാരിന്റെ പ്രഖ്യാപിതലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി വിവിധ നിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന ഉത്തരവുകൾപ്രകാരം, നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്നും സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും പുറപ്പെടുവിക്കുന്ന എല്ലാവിധ ഉത്തരവുകളും സർക്കുലറുകളും മറ്റു കത്തിടപാടുകളും ഫയൽനടപടികളും റിപ്പോർട്ടുകളും മേൽപ്പറഞ്ഞ നിബന്ധനയ്ക്കു വിധേയമായി മലയാളത്തിലാണെന്ന് വകുപ്പുതലവന്മാരും ഓഫീസ് മേധാവികളും ഉറപ്പുവരുത്തേണ്ടതാണെന്നും നിർദേശം നൽകിയിട്ടുണ്ട്. എന്നാൽ, സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകൾ ഉൾപ്പെടെയുള്ള സർക്കാർവകുപ്പുകളും സ്ഥാപനങ്ങളും ജനങ്ങളറിയേണ്ട പ്രധാന സർക്കാരുത്തരവുകളും നിർദേശങ്ങളും യോഗനടപടിക്കുറിപ്പുകൾപോലും മലയാളത്തിലല്ല പുറപ്പെടുവിക്കുന്നതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൂചന 1, 2 എന്നിവയിലെ നിബന്ധനകൾക്കുവിധേയമായി ഭരണരംഗത്ത് മലയാളം ഉപയോഗിക്കണമെന്നതാണ് സർക്കാർനയമെന്നിരിക്കെ, സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകൾ ഉൾപ്പെടെയുള്ള സർക്കാർവകുപ്പുകളും സ്ഥാപനങ്ങളും ഔദ്യോഗികഭാഷ സംബന്ധിച്ച നിർദേശങ്ങൾ കർശനമായി പാലിക്കാത്തത് സർക്കാർ അതീവഗൗരവമായികാണുന്നു.

ഈ സാഹചര്യത്തിൽ, സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ ഭരണവകുപ്പുകളും എല്ലാ വകുപ്പുതലവന്മാരും സർക്കാർ, അർധസർക്കാർ, പൊതുമേഖല, സ്വയംഭരണ, സഹകരണസ്ഥാപന മേധാവികളും സൂചന 1, 2, 3 ഉത്തരവുകളിലെ നിർദേശങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദേശിക്കുന്നു.

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും

എല്ലാ ജില്ലാകളക്ടർമാർക്കും/ എല്ലാ വകുപ്പുതലവന്മാർക്കും/ എല്ലാ ജില്ലാമേധാവികൾക്കും

സർക്കാർനിയന്ത്രണത്തിലുള്ള പൊതുമേഖല/ അർധസർക്കാർ/ സഹകരണ/

സ്വയംഭരണസ്ഥാപനങ്ങളുടെ തലവന്മാർക്ക്.

പബ്ലിക് റിലേഷൻസ് ഡയറക്ടർ (പ്രസിദ്ധീകരണത്തിന്)

ഉത്തരവിൻ പ്രകാരം

V. Abdul

സെക്ഷൻ ഓഫീസർ.